## എന്റെ രാജകുമാരൻ

മാർകഴിമാസ നിലാവിന്റെ ലഹരിയിൽ,
ആതിര മയങ്ങിനിന്നിടുമ്പോൾ;
വിണ്ണിൽ നീരാടുമൊരു പൊൻതാരകമായി,
എന്നിലുദിച്ചു നീ വിരിഞ്ഞു പൊന്തി.

മന്ദസ്മിതം തൂകി, മധുസ്വനം പോലെ,
വിരുന്നു വന്നുവൊ എന്റെ ഹൃത്തിൽ;
എന്തിനു വിളിച്ചുണർത്തിയെന്നിലെ,
മതിമറന്നുറങ്ങിയ സ്വപ്ന താനങ്ങളെ.

മൂകമായിരുന്നെന്റെ മോഹവീണയിൽ,
മീട്ടി ഞാനൊരപൂർവ്വ രാഗം;
നർത്തനമാടിപ്പോയ് മനം താളത്തിൽ,
ആ രാജകുമാരനിലലിഞ്ഞുപോയി.

നീയെന്ന മോഹന രൂപത്തിന്നേഴല്ല,
എഴുനൂറു വർണ്ണങ്ങളേകിടുന്നു.
അർത്ഥിക്കുന്നീശ്വരാ നിന്നോടു ഞാനെന്നും,
തച്ചുടക്കല്ലേയെന്റേയീ പുണ്യം.

വിട്ടുകൊടുക്കില്ല അങ്ങേയൊരിക്കലും,
കുത്തിനോവിക്കും നരാധമന്മാർക്കു ഞാൻ,
ഇണയായ്, തുണയായൊരു വൻശക്തിയായ്,
ആ കാലടികൾക്കു ഞാൻ കാവൽക്കാരി.

അനശ്വര സ്നേഹത്തിൻ ഔന്നത്യമായ്,
കൊതിതീരെ ജീവിക്കാനീ ഭൂമിയിൽ;
തരില്ലേയിവിടെയൊരു നൂറു ജന്മം,
അർദ്ധ നാരീശ്വരന്മാരെ നിങ്ങൾ.



കർമ്മം ചെയ്യുക ധീരതയോടെ നാം,
സായൂജ്യമേകും, ഫലം, നിശ്ചയം;
അചഞ്ചലമായൊരാ ആത്മവിശ്വാസം;
അനിഷേദ്ധ്യമായ് തീർന്നൂ എന്നുള്ളിലും.

ഉലകം എയ്യുന്ന ശരശയ്യയിൽ വീണ്,
ധർമ്മം വെടിയാതെ പിടയുമ്പോഴും
സത്യവും, നീതിയും, തന്റെ വജ്രായുധം,
പ്രണമിക്കട്ടെയാ വ്യക്തി പ്രഭാവം.